# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4561** **26.06.2014 ൽ മറുപടിക്ക്**

## വഴിയോര വിശ്രമ കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) ദേശീയപാത, മെയിൻ സെൻട്രൽ റോഡ് എന്നിവയുടെ ഓരങ്ങളിലെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ വഴിയോരവിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായുള്ള പദ്ധതിക്ക് രൂപം നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ; | എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടില്ല. എന്നാൽ, തിരുവനന്തപുരം തൈക്കോട് മുതൽ - ചെങ്ങന്നൂർ വരെ മെയിൻ സെൻട്രൽ റോഡിന്റെ വശങ്ങളിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വാണിജ്യാവശ്യ-ങ്ങൾക്ക് ഉചിതമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. അതനുസ-രിച്ച് കെ ആർ എഫ് ബി ഇത്തരം സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ-ങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനും, പദ്ധതിയുടെ ഘടന തീരുമാനിക്കുന്നതിനുമായി ന്യൂഡൽഹി ആസ്ഥാനമായ ഏൺസ്റ്റ് & യംഗ് എൽ എൽ പി ലിമിറ്റഡ് എന്ന ട്രാൻസാക്ഷൻ അഡ്വൈസറെ നിയമി-ച്ചിരിക്കുകയാണ്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സ്ഥലങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | ബി) എം.സി.റോഡിന്റെ ഇരുവശങ്ങളിലും സ്ഥിതി ചെയ്യുന്ന 112 സ്ഥലങ്ങൾ ട്രാൻസാക്ഷൻ അഡ്വൈസർ പഠനം നടത്തി വരികയാണ്. പ്രസ്തുത പഠനത്തിന്റെ പൂർത്തീകരണത്തിനു ശേഷമേ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുംവിധം പദ്ധതി പുരോഗമിപ്പിക്കുമോ? | സി) | ഇപ്പോൾ നടത്തി വരുന്ന പഠനം പൂർത്തിയായതിന് ശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ